പ്രതീകമായിത്തന്നെ നഷ്ടനഷ്ടങ്ങൾ നികത്തുന്നതിന് വേണ്ടിയിട്ടുള്ള നടപടികളെടുത്തു കൊള്ളാമെന്ന് വ്യക്തമായ ഉറപ്പു നൽകിയിട്ടുണ്ട്. അവർ അത് നിർവ്വഹിക്കും. ഏതായാലും അവിടെ ഇതിനെത്തുടർന്ന് മറ്റ് അനിഷ്ട സംഭവങ്ങൾ ഉണ്ടാകാതിരിക്കുവാൻ വേണ്ടി എല്ലാവരും ഈ കാര്യങ്ങളിലെല്ലാം സഹകരിച്ചു. ഇത്ര നിന്ദ്യവും നീചവുമായ സംഭവമുണ്ടായിട്ടും അതിന് അതേ രീതിയിലുള്ള പ്രതികരണമുണ്ടായില്ല എന്നുള്ള ഒരു ആശ്വാസം നമുക്കുണ്ട്. ഈ കാര്യത്തിൽ ചെയ്യാവുന്ന എല്ലാ നടപടികളും സ്വീകരിക്കും.

(2) ഈറ്റത്തൊഴിലാളികൾ നേരിടുന്ന പ്രയാസങ്ങൾ

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : സർ, തിരുവനന്തപുരം ജില്ലയിൽ ഏതാണ്ട് ഇരുപതിനായിരത്തോളം വരുന്ന ഈറ്റത്തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും കഴിഞ്ഞ പത്തു ദിവസക്കാലമായി ബാംബൂ കോർപ്പറേഷന്റെ ഡിപ്പോകൾക്കു മുമ്പിൽ പട്ടിണി സമരം നടത്തി വരുകയാണ്. ട്രാൻസ്പോർട്ടിംഗ് ചാർജ്ജ് വർദ്ധിപ്പിച്ചതുമൂലം ഈറ്റയ്ക്കുണ്ടായ വില വർദ്ധനവും അതിനനുസരിച്ച് ഉല്പന്നങ്ങൾക്ക് വില നല്കാത്തതും അതുപോലെ തിരുവനന്തപുരം ജില്ലയിൽ ഈറ്റത്തൊഴിലാളികൾക്ക് ജോലി ചെയ്യുന്നതിനു വേണ്ടി ആവശ്യത്തിന് ഈറ്റ ലഭിക്കാത്തതുമാണ് ഇപ്പോഴുണ്ടായ പ്രശ്നത്തിനു കാരണം. അതുപോലെ ഈറ്റ തൊഴിലാളികളുടെ ക്ഷേമത്തിനു വേണ്ടി രൂപീകരിച്ച ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം ഇപ്പോൾ കാര്യക്ഷമമായി നടക്കുന്നില്ല. അതിനു പ്രധാന കാരണം ബാംബൂ കോർപ്പറേഷൻ അടയ്ക്കേണ്ട വിഹിതം ക്ഷേമനിധി ബോർഡിൽ അടയ്ക്കാത്തതാണ്. ഇതുപോലെ സാധാരണഗതിയിൽ പ്രശ്നങ്ങൾ ഉയർന്നു വരുമ്പോൾ ബാംബൂ കോർപ്പറേഷൻ എം. ഡി. ഒരു ചർച്ചയ്ക്ക് വിളിക്കാറുണ്ട്. ഇന്ന് ഈ സഭ നടക്കുമ്പോഴും എന്നെ ഉൾപ്പെടെ അങ്കമാലിയിൽ ചർച്ചയ്ക്ക് വിളിച്ചിരിക്കുകയാണ്. പക്ഷേ ആ ചർച്ചകൊണ്ട് യാതൊരു ഫലവും ഉണ്ടാകാറില്ല. അവിടെ ഞങ്ങളൊക്കെ പോകും, ഒരു ചായ തരും. ചില കാര്യങ്ങളൊക്കെ ചെയ്യാം, ആലോചിക്കാമെന്നു പറയും, പിരിയും. അതുകൊണ്ട് പട്ടിണി കിടക്കുന്ന തൊഴിലാളികളെ രക്ഷിക്കുന്നതിനു വേണ്ടി മുഖ്യമന്ത്രി തന്നെ മുൻകയ്യെടുത്ത്, അങ്ങയുടെ ഓഫീസിൽ ഇതു സംബന്ധിച്ച് തൊഴിലാളി യൂണിയന്റെ നേതാക്കന്മാരെയും ഇതുമായി ബന്ധപ്പെടുന്ന, ഞാൻ ഉൾപ്പെടെ, ശ്രീ. ജോയി അടക്കം, ഈ രംഗത്തുള്ള ആളുകളെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു യോഗം വിളിച്ചു ചേർത്ത് അവരുടെ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടിയുള്ള സത്വര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ഈറ്റയുടെ വില വർദ്ധനവ്, ഈറ്റയുടെ ലഭ്യത കുറവ്, ക്ഷേമനിധി ബോർഡ് കാര്യക്ഷമതയോടുകൂടി പ്രവർത്തിക്കണമെന്ന ആവശ്യങ്ങൾ, ഇതൊക്കെയാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത്. ശ്രീ. പി. ജെ. ജോയി അതു സംബന്ധിച്ച് ഒരു കോൺഫറൻസ് വിളിച്ചു കൂട്ടണമെന്നുള്ള ഒരു നിവേദനം തന്നിട്ടുണ്ട്. ഇവിടെ പറഞ്ഞ അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ ഒരു കോൺഫറൻസ് വിളിച്ചു കൂട്ടാം. ഇന്നലെ വ്യവസായ വകുപ്പുമന്ത്രി ഇല്ലാതിരുന്നതുകൊണ്ടാണ് ഡേറ്റ് ഫിക്സ് ചെയ്യാതിരുന്നത്. അദ്ദേഹംകൂടി വന്ന

LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യത്തിൽ ഇന്നുതന്നെ അതിന്റെ തീയതി നിശ്ചയിക്കും. ഈ മൂന്നു കാര്യങ്ങളും, ഈറ്റയുടെ ലഭ്യതക്കുറവ് എന്നുള്ളതാണ് ഏറ്റവും മുഖ്യ പ്രശ്നമായി ഉന്നയിച്ചിട്ടുള്ളത്. ശ്രീ. ജോയിയും ഇന്നലെ ആ കാര്യം പറഞ്ഞു. അതിന്റെ വില വർദ്ധനവ്, ക്ഷേമ പ്രവർത്തനങ്ങൾ ഇതു മൂന്നും ചർച്ച ചെയ്യാനായിട്ട് ഒരു കോൺഫറൻസ് വിളിച്ചു കൂട്ടാം. തീയതി ഇന്നുതന്നെ നിശ്ചയിക്കും.

(3) കല്ലൂർക്കാട് ഫയർ സ്റ്റേഷൻ

ശ്രീ. ജോണി നെല്ലൂർ: സർ, ഞാൻ പറയുന്നതിനു മുമ്പ് തന്നെ, നോട്ടീസ് കൊടുത്തപ്പോൾത്തന്നെ ബഹുമാന്യനായ മുഖ്യമന്ത്രി തീരുമാനം എടുത്തു എന്ന് അറിയുന്നതിൽ സന്തോഷമുണ്ട്. ഇത് കല്ലൂർക്കാട്ട് മാത്രമല്ല, കേരളത്തിലെ, പലസ്ഥലങ്ങളിലും ഫയർ സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ടെങ്കിലും, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പ്രഖ്യാപിച്ച നിരവധി ഫയർ സ്റ്റേഷനുകൾ ഇന്നും തുടങ്ങിയിട്ടില്ല എന്നാണ് പറഞ്ഞത്. ഒരു കാര്യം, ഇന്നലെ നിയമസഭയിൽ എനിക്കു തന്ന ഒരു ഉത്തരം, അതാണ് എന്നെ ഏറെ ദുഃഖിപ്പിച്ചത്. കെട്ടിടങ്ങളും സൗകര്യങ്ങളും ലഭ്യമാകാത്തതാണ് ഫയർ സ്റ്റേഷൻ തുടങ്ങുവാൻ കാലതാമസത്തിന് കാരണം എന്നാണ് ഉത്തരം. കെട്ടിടം പണിത് ഏല്പിച്ചിട്ട് രണ്ടുകൊല്ലമായി. ഈ വിധത്തിൽ ഉത്തരം നൽകുന്ന പ്രവണത ശരിയല്ല. കല്ലൂർക്കാട് ഫയർസ്റ്റേഷൻ തുടങ്ങുവാൻ അനുമതി നൽകിയതിൽ മുഖ്യമന്ത്രിയെ അഭിനന്ദിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) : ഇന്നലത്തെ കൃാബിനറ്റിൽ ഇത് ഞങ്ങൾ ചർച്ച ചെയ്തു. ആറു ഫയർ സ്റ്റേഷനുകൾ അനുവദിക്കുവാനായിട്ട് തീരുമാനിച്ചു. അതിലൊന്ന് കല്ലൂർക്കാട് ഫയർ സ്റ്റേഷനാണ്. അങ്ങയുടെ നിവേദനവും അങ്ങയുടെ ആവശ്യവുമൊക്കെ വളരെ നാളുകളായി ഉള്ളതാണ്.

(4) കരകൃഷിക്കാർക്ക് വൈദ്യുതി സൗജന്യമാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. അച്ചുതൻ: സർ, നമ്മുടെ സംസ്ഥാനത്ത് നെൽകർഷകർക്ക് പരിപൂർണ്ണമായും കരകർഷകർക്ക് രണ്ട് ഹെക്ടർ വരെയും മോട്ടോർ ഉപയോഗിക്കുന്നതിന് വൈദ്യുതി സൗജന്യമുണ്ട്. അത് കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് അന്നത്തെ ധനകാര്യമന്ത്രി ശ്രീ. ടി. ശിവദാസമേനോൻ പ്രഖ്യാപിച്ചതാണ്. അതിനുശേഷം പല തവണയായി മുഴുവൻ കർഷകർക്കും സൗജന്യ വൈദ്യുതി നൽകണമെന്ന് ഞാൻ പല തവണ ഈ സഭയിൽ ആവശ്യപ്പെട്ടതാണ്. എന്റെ മണ്ഡലമായ ചിറ്റൂരും കൊല്ലങ്കോട്ടുമെല്ലാം മഴ ഏറ്റവും കുറവായതുകൊണ്ട് കഴിഞ്ഞ രണ്ട് വർഷമായി വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിച്ചിരിക്കുകയാണ്. ഇപ്പോൾ വൈദ്യുതി ഡിസ്കണക്ട് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിരിക്കുകയാണ്. തൊട്ടടുത്ത് കിടക്കുന്ന തമിഴ്നാട്ടിൽ ആദ്യം സൗജന്യമായിരുന്നു. പിന്നീട് അത് പുനഃസ്ഥാപിച്ചു. ഇലക്ഷനിൽ പരിപൂർണ്ണമായി തോറ്റപ്പോൾ അത് വീണ്ടും സൗജന്യമാക്കി. കർണ്ണാടക ഗവണ്മെന്റ് അധികാരത്തിൽ വന്നപ്പോൾ തന്നെ പരിപൂർണ്ണമായും സൗജന്യമാക്കി. ആന്ധ്രാപ്രദേശിൽ സൗജന്യമാണ്. ഇവിടെ മാത്രം കർഷകർക്ക് രണ്ട് ഹെക്ടർ എന്ന് ഒരു പരിധി വച്ചിട്ടുണ്ട്. അതുതന്നെ കൃഷി

LIBRARY ARCHIVES Kerala Legislative Assembly